# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6270      31.10.2011 ലെ മറുപടിക്ക്

## ത്രിതല പഞ്ചായത്തുകൾക്ക് കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ ആളൂർ, കാട്ടൂർ, മുരിയാട്, പടിയൂർ, പൂമംഗലം, വേളൂക്കര എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ എല്ലാ തസ്തികകളിലും ജീവനക്കാർ ഉണ്ട്. കാറളം ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റ് ലീവിൽ പ്രവേശിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ത്രിതല പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങളും ജോലികളും നല്കിയ സാഹചര്യത്തിൽ പഞ്ചായത്തുകളിൽ കൂടുതൽ ജീവനക്കാരെ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;<br>(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) & (സി) 27.10.2011 ലെ ജി.ഒ (എം.എസ്) 269/11/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റാഫ് പാറ്റേൺ പുതുക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ